A

802

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തികവിലയിരുത്തൽ II 2025-2026

## മലയാളം

ക്ലാസ് : VIII

## കേരളപാഠാവലി

സമയം : 1 ½ മണിക്കൂർ
ആകെ സ്കോർ : 40

---

നിർദേശങ്ങൾ :

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)** **(4 x 1 = 4)**

1. "വെടിയുണ്ടകളിലൂടെ എന്റെ ലക്ഷ്യത്തിൽനിന്ന് എന്നെ പിന്തിരിപ്പിക്കാമെന്നും സ്വപ്നങ്ങൾ തകർത്തുകളയാമെന്നും അവർ കരുതി. അവർക്കു തെറ്റി." (സ്വപ്നച്ചിറകിൽ)
   മലാല യൂസഫ് സായിയുടെ ഈ വാക്കുകളിൽ തെളിയുന്നത് എന്ത്?

   A. സ്വപ്നങ്ങൾ തകരുമെന്ന ഭയവും സങ്കടവും.
   B. ആക്രമിച്ചവരോടുള്ള അമർഷം.
   C. ആത്മവിശ്വാസവും ലക്ഷ്യബോധവും.
   D. ലക്ഷ്യം നേടാനാവാത്തതിലുള്ള നിരാശയും ദുഃഖവും.

2. ചുവടെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയതേത് ?

| | | | |
|---|---|---|---|
| i. | മഞ്ഞ, കിളി | - | മഞ്ഞക്കിളി |
| ii. | എന്നും, മെന്നും | - | എന്നുമെന്നും |
| iii. | വാഴ, ക്കുല | - | വാഴക്കുല |
| iv. | തിരു, ആതിര | - | തിരുവാതിര |

   A. ii ശരി
   B. ii ഉം iii ഉം ശരി
   C. iii ശരി
   D. i ഉം iv ഉം ശരി

3. "ഞങ്ങളെ അപരിഷ്കൃതരെന്ന് വിളിച്ചത് മറ്റുള്ളവരാണ്. പരിഷ്കാരം അങ്ങനെയാണല്ലോ."

(കൊച്ചരേത്തി)

ഈ വാക്യങ്ങളിലെ സൂചനയെന്ത്?

A. പരിഷ്കാരികൾ എന്നു നടിക്കുന്നവരുടെ സംസ്കാരമില്ലായ്മ.

B. പരിഷ്കാരികളാവാൻ കഴിയാത്തതിലുള്ള സങ്കടം.

C. തങ്ങൾ അപരിഷ്കൃതരാണെന്ന് ചിന്തിക്കുന്നു.

D. തങ്ങളുടെ തനതായ സംസ്കാരത്തിലുള്ള അഭിമാനമില്ലായ്മ.

4. ചിത്രത്തിൽ കാണുന്ന കലാരൂപം ഏത്?



A. ചാക്യാർകൂത്ത്

B. കഥകളി

C. തെയ്യം

D. ഓട്ടൻതുള്ളൽ

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)**
**(3 x 3 = 9)**

5. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
"അമ്മ ആ വീടിന്റെ പടിയിറങ്ങി. അമ്മയുടെ കൈയിലൊന്നുമില്ല. ഒരു തുണിസഞ്ചി പോലും."

6. "സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളാകട്ടെ നിങ്ങളുടെ ആലോചനകളുടെ മുഖ്യവിഷയം. അത് ഉൾപ്പെടുത്താത്ത ഒന്നും ഇനി സ്വീകാര്യമല്ല."

(സ്വപ്നച്ചിറകിൽ)

മലാലയുടെ ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

7. A. "അവർക്ക് അന്നമെവിടെ? നാണമെവിടെ?
അന്തികൂടാൻ ചേക്കയെവിടെ?" (നിങ്ങളോർക്കുക)

കുറത്തിയുടെ ചോദ്യത്തിന്റെ പൊരുൾ വ്യക്തമാക്കുക.

**അല്ലെങ്കിൽ**

B. ഇരുളിനെക്കാത്തുകിടക്കുമാലിൻ
കരിനിഴലറിയാതുറക്കമായി.
കരളോർക്കുമേതോ പുരാണശോക-
കഥപോലിശ്ശ്യാമളഭൂമി കാണ്മൂ. (പ്രലോഭനം)

വരികളിലെ പ്രയോഗഭംഗി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)
(4 x 5 = 20)

8. "മലയൊരുക്കിച്ചെളികലക്കി
മുളവിതച്ച് പതമൊരുക്കി
മൂടനിറയെപ്പൊലിച്ചു തന്നില്ലേ.
.......................................
ഞങ്ങൾക്കന്നമെവിടെ?"

(നിങ്ങളോർക്കുക)

"കുറ്റി കരിച്ചു കിളച്ച് മറിച്ചതും
വിത്തു വിതച്ചതും വേള പറിച്ചതും
ഞാനേ കീഴാളൻ"

| വേള പറിക്കുക - കളപറിക്കുക |
|---|

(കീഴാളൻ- കുരീപ്പുഴ ശ്രീകുമാർ)

രണ്ട് കാവ്യഭാഗത്തെയും ജീവിതാവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. "അംബരമധ്യം തിളക്കുന്നൊരാദിത്യ-
ബിംബവും കെട്ടുപോമെങ്കിലാട്ടെ;
അക്കരിയൂതിപ്പിടിപ്പിച്ചു മറ്റൊരു
തീക്കട്ടയുണ്ടാക്കും സർഗശക്തി!"

(നിമിഷം)

"വെടിയുണ്ടകൾ ഞങ്ങളെ നിശബ്ദരാക്കുമെന്ന് അവർ കരുതിയിട്ടുണ്ടാവണം. പക്ഷേ, അവർ പരാജയപ്പെട്ടു. നിശബ്ദതയല്ല, ആയിരം ശബ്ദങ്ങളാണ് ആ ദിനത്തിൽ ഉയിർത്തുവന്നത്."

(സ്വപ്നച്ചിറകിൽ)

രണ്ടു രചനാഭാഗങ്ങളിലും അതിജീവനത്തിന്റെ കരുത്തും കാന്തിയുമാണോ തെളിയുന്നത്?
നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

10. 'തട്ടുപൊളിപ്പൻ' എന്നത് ചവിട്ടുനാടകവുമായി ബന്ധപ്പെട്ട് മലയാളത്തിലുണ്ടായ ഒരു ശൈലിയാണ്.
ഈ കലാരൂപത്തിന്റെ എന്തെല്ലാം പ്രത്യേകതകളാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്?
ചവിട്ടുനാടകത്തിന്റെ മറ്റു പ്രത്യേകതകൾ കൂടി കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

11. A. "പ്രേക്ഷകരോട് ഒരുകാര്യം അറിയിക്കാൻ സി.എൻ.സി ചാനലിന് അഭിമാനമുണ്ട്. യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊല വരെയുള്ള എല്ലാ ദിവസങ്ങളിലും ഇനി ചേതന ഗൃദ്ധാ മല്ലിക്ക് സി.എൻ.സി. ചാനലിന്റെ കൂടെത്തന്നെയുണ്ടാകും."

(ബ്രേക്കിങ് ന്യൂസ്)

സമകാലികമാധ്യമങ്ങളുടെ അധാർമ്മികപ്രവണതകളെ വിമർശനാത്മകമായി അവതരിപ്പിക്കുന്ന രചനയാണ് ബ്രേക്കിങ് ന്യൂസ്. പാഠഭാഗവും പ്രസ്താവനയും വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

B. "സ്നേഹിക്കയുണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും"

(കുമാരനാശാൻ)

"ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായി ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം."

(അക്കിത്തം)

സ്നേഹത്തെക്കുറിച്ചുള്ള രണ്ട് കവികളുടെയും കാഴ്ചപ്പാട് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ) (1 x 7 = 7)

12. A. ആശയം, പ്രയോഗഭംഗി, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് എഴുതുക.

**മറന്നുവെച്ച കുട**

മറന്നുവെച്ച കുട
മഴയെ ഓർത്തു.
ഇടികേട്ടു പീലിനിവർത്തിയത്
മലങ്കാക്കയെപ്പോലെ
കുന്നു പറന്നിറങ്ങിയത്
പോത്തിനെപ്പോലെ
വയൽവരമ്പിൽ കുണുങ്ങി നടന്നത്
ഇപ്പോൾ ചിറകു നിവർത്താനാകാതെ
മൂലയിലിരിക്കെ എട്ടുകാലി നരച്ച
ഉടലിൽ വല നെയ്യുമ്പോൾ തരിക്കുന്നു:
കാർ മൂടിയ ഒരു ദിവസം
ഒരു കൈ തന്നെ വിടർത്തും
മഴയുടെ നൃത്തത്തിൽ
കറുത്ത ചെറുപ്പം തിരിച്ചുവരും,
കുടകളുടെ പൂരത്തിൽ,
നെറ്റിപ്പട്ടം കെട്ടി.

(സച്ചിദാനന്ദൻ)

**അല്ലെങ്കിൽ**

B. "വയലുകൾക്കപ്പുറം വാകപൂത്ത
വഴിയിലൂടന്തി മറഞ്ഞുപോയി.
ചിറകുകുടയുന്നു തെന്ന,ലാറ്റിൻ
കരയിലെ വെള്ളിലത്തോപ്പിനുള്ളിൽ."

(പ്രലോഭനം)

ഗ്രാമത്തിലെ സുന്ദരമായ ഒരു വൈകുന്നേരത്തെ കവി ആവിഷ്കരിച്ചത് കണ്ടല്ലോ. നിങ്ങളുടെ നാട്ടിലെ സമാനമായ കാഴ്ചകളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക. ഉചിതമായ തലക്കെട്ടും നൽകുക.